15 -ാം കേരള നിയമസഭ

3 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 502 — 08-11-2021 - ൽ മറുപടിയ്ക്ക്

## അതിതീവ്ര മഴയിൽ വൈദ്യുതി വകുപ്പിന്റെ ഡാമുകളുടെ സ്ഥിതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി കെ.കെ.രമ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2021 ഒക്ടോബർ മാസത്തെ അതിതീവ്ര മഴയുടെ സാഹചര്യത്തിൽ വൈദ്യുതി വകുപ്പിന്റെ ഡാമുകളുടെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. തീവ്രമഴയുടെ സാഹചര്യത്തിൽ ഡാമുകളുടെ സ്ഥിതി തുടർച്ചയായി വിലയിരുത്തി വരുന്നു. കൂടാതെ റൂൾലെവൽ കമ്മിറ്റി ദിവസവും ചേർന്ന് സ്ഥിതി വിലയിരുത്തി, ആവശ്യ മെങ്കിൽ ഗേറ്റുകൾ തുറക്കുകയും സ്പിൽവേകളിലൂടെ പുറത്തുവിടുന്ന ജല ത്തിന്റെ അളവ് നിശ്ചയിച്ച് നടപ്പിൽ വരുത്തുകയും ചെയ്യുന്നു. |
| (ബി) | അതിതീവ്ര മഴയെ തുടർന്ന് കെ.എസ്.ഇ.ബി. യുടെ ഏതൊക്കെ ഡാമുകൾ തുറന്നുവെന്ന് തീയതി സഹിതം വ്യക്തമാക്കാമോ; | (ബി) | അതിതീവ്രമഴയെ തുടർന്ന് കെ.എസ്. ഇ.ബിയുടെ താഴെ പറയുന്ന ഡാമുകൾ തുറക്കുകയുണ്ടായി. 1. ചെറുതോണി (ഇടുക്കി) –19.10.2021,11.00 am 2.ഇടമലയാർ – 19.10.2021, 6.00 am 3.ആനത്തോട് – 18.10.2021, 11.00 am 4.പമ്പ – 19.10.2021, 6.00 am 5. മൂഴിയാർ – 27.09.2021, 9.00 am 6.കുണ്ടള – 07.09.2021, 11.00 am 7.മാട്ടുപ്പെട്ടി – 14.10.2021, 11.00 am 8.കല്ലാർകുട്ടി – 11.10.2021, 9.45 am 9.ലോവർപെരിയാർ – 12.10.2021 10.00 am 10.ഷോളയാർ – 18.10.2021 10.35 am 11.പെരിങ്ങൽകുത്ത് – 12.10.2021 3.30.am 12. പൊൻമുടി –18/10/2021 |
| (സി) | ഡാം തുറക്കുന്നതിന് മുമ്പ് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത മുന്നറിയിപ്പിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ; | (സി) | നൽകിയിരുന്നു. ഡാമുകളിൽ ജലനിരപ്പ് ഉയരുന്നതിനനുസരിച്ച് നീല, ഓറഞ്ച്, ചുവപ്പ് അലർട്ടുകൾ പ്രഖ്യാപിച്ച് തുറന്നു വിടാനുദ്ദേശിക്കുന്ന സമയവും, ജലത്തിന്റെ അളവും ജില്ലാ കളക്ടറെ അറിയിച്ച് അനുവാദം വാങ്ങിയിരുന്നു. ജില്ലാ ദുരന്ത നിവാരണ വകുപ്പിലും, തുറന്നുവിടുന്ന ജലം ഒഴുകുന്ന നദിയുടെ സമീപത്തെ റവന്യൂ, പഞ്ചായത്ത് അധികാരികൾക്കും അറിയിപ്പ് നൽകുന്നുണ്ട്. ഓറഞ്ച് അലർട്ട് ആകുന്നത് മുതൽ ഇവർ ജനങ്ങൾക്ക് മുന്നറിയിപ്പുകൾ നൽകും. കൂടാതെ |

| | | | |
|---|---|---|---|
| | | | സമൂഹമാധ്യമങ്ങ ളിലൂടെയും, വെബ്സൈറ്റുകളിലൂടെയും അറിയിപ്പ് നൽകാറുണ്ട് |
| (ഡി) | മഴ മാത്രമല്ല ഡാമുകളുടെ മിസ് മാനേജ്മെന്റും സംസ്ഥാനത്ത് 2018-ലെ പ്രളയം രൂക്ഷമാകാൻ കാരണമായെന്ന കേന്ദ്ര ജല കമ്മീഷൻ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേലുള്ള വൈദ്യുതി ബോർഡിന്റെ നിലപാട് വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. CWC റിപ്പോർട്ടിൽ ഡാം മാനേജ്മെന്റിന് വീഴ്ചയില്ല എന്നാണ് പരാമർശം. |

സെക്ഷൻ ഓഫീസർ